പദ്ധതി വിഹിതങ്ങൾ വിനിയോഗിക്കേണ്ടത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

60 (816) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതങ്ങൾ വിനിയോഗിക്കേണ്ടത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രസ്തുത മാർഗ്ഗ നിർദ്ദേശമനുസരിച്ചാണോ പദ്ധതി വിഹിതങ്ങൾ ചെലവഴിക്കുന്നത് ;

(ഡി) ഇല്ലെങ്കിൽ ഇതിനെതിരെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി വിഹിതം വിനിയോഗിക്കുന്നതിനുള്ള പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ വിവരിക്കുന്നു.

1. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം.

2. നിലവിലുള്ള ആസ്തികളുടെ പുനരുദ്ധാരണം

3. പരമ്പരാഗത വ്യവസായങ്ങൾ പരിഷ്ക്കരിക്കുക, ദരിദ്ര വിഭാഗങ്ങളുടെ സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക

4. കുടുംബശ്രീ മാതൃകയിലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ

5. തൊഴിൽപരമായ പരിശീലന പരിപാടികൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കു മാത്രം

6. നീർത്തടാടിസ്ഥാനത്തിൽ സംയോജിത കാർഷിക വികസനം.

7. വിഭവങ്ങൾ നേരിയ തോതിൽ വിനിയോഗിക്കുന്ന രീതി ഒഴിവാക്കുക

8. പദ്ധതി വിഹിതം ഉല്പാദന, പശ്ചാത്തല, സേവനമേഖലകൾക്ക് നിശ്ചിത പരിധിക്ക് വിധേയമായി വിഭജിച്ചു നൽകുക

9. ഗവൺമെന്റ് നിർദ്ദേശിക്കുന്ന പ്രത്യേക പരിപാടികൾക്ക് നിർബന്ധമായും തുക വകയിരുത്തുക

10. ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കുക

11. വനിതകൾക്ക് പ്രത്യേക പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

12. ശിശുക്കൾ, വൃദ്ധർ, വികലാംഗർ, അഗതികൾ എന്നിവർക്ക് പ്രത്യേക പദ്ധതി

13. കുടിവെള്ള പ്രോജക്ടുകൾക്കും ജലസേചന പ്രോജക്ടുകൾക്കും ഗുണഭോക്തൃവിഹിതം നിർബന്ധമായും വകയിരുത്തുക

14. മാനദണ്ഡങ്ങൾക്ക് വിധേയമായി സബ്സിഡി അനുവദിക്കുക

(സി) അതെ.

(ഡി) ബാധകമല്ല.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനത്തിനുള്ള തുക മുൻകൂറായി വിതരണം ചെയ്യാൻ നടപടി

61 (817) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനത്തിനുള്ള തുക ഇപ്പോൾ എത്ര ഗഡുക്കളായാണ് നൽകുന്നത് ;

(ബി) ഈ ഓരോ ഗഡുവും മുൻകൂർ നൽകാറുണ്ടോ ;

(സി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനത്തിനുള്ള തുക ഓരോ മാസവും മുൻകൂറായോ മൂന്ന് മാസത്തേക്കുള്ള തുക ഒന്നിച്ച് മുൻകൂറായോ നൽകുന്നതിനെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ ;

(ഡി) ഇപ്രകാരം ചെയ്യുന്നതിന് എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുണ്ടോ ;

(ഇ) പ്രായോഗിക ബുദ്ധിമുട്ടില്ലാത്തപക്ഷം അവയുടെ പദ്ധതി പ്രവർത്തനത്തിനുള്ള തുക മുൻകൂറായി നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാലു ഗഡുക്കളായി.

(ബി) ഉണ്ട്.

(സി-ഇ) പദ്ധതി വിഹിതം ഓരോ മാസവും നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly